# ECHO OF HIS CALL

**MALAYALAM**

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | MARCH 2024 | No. 05


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 31:17–24

17. യഹോവേ, നിന്നെ വിളിച്ചപേക്ഷിച്ചിരിക്കകൊണ്ടു ഞാൻ ലജ്ജിച്ചുപോകരുതേ; ദുഷ്ടന്മാർ ലജ്ജിച്ചു പാതാളത്തിൽ മൌനമായിരിക്കട്ടെ.
18. നീതിമാന്നു വിരോധമായി ഡംഭത്തോടും നിന്ദയോടുംകൂടെ ധാർഷ്ട്യം സംസാരിക്കുന്ന വ്യാജമുള്ള അധരങ്ങൾ മിണ്ടാതെയായ്പോകട്ടെ.
19. നിന്റെ ഭക്തന്മാർക്കുവേണ്ടി നീ സംഗ്രഹിച്ചതും നിന്നിൽ ആശ്രയിക്കുന്നവർക്കുവേണ്ടി മനുഷ്യപുത്രന്മാർ കാൺകെ നീ പ്രവർത്തിച്ചതുമായ നിന്റെ നന്മ എത്ര വലിയതാകുന്നു.
20. നീ അവരെ മനുഷ്യരുടെ കൂട്ടുകെട്ടിൽനിന്നു വിടുവിച്ചു നിന്റെ സാന്നിദ്ധ്യത്തിന്റെ മറവിൽ മറെക്കും. നീ അവരെ നാവുകളുടെ വക്കാണത്തിൽനിന്നു രക്ഷിച്ചു ഒരു കൂടാരത്തിന്നകത്തു ഒളിപ്പിക്കും.
21. യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ ഉറപ്പുള്ള പട്ടണത്തിൽ തന്റെ ദയ എനിക്കു അത്ഭുതമായി കാണിച്ചിരിക്കുന്നു.
22. ഞാൻ നിന്റെ ദൃഷ്ടിയിൽനിന്നു ഛേദിക്കപ്പെട്ടുപോയി എന്നു ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു. എങ്കിലും ഞാൻ നിന്നെ വിളിച്ചപേക്ഷിച്ചപ്പോൾ എന്റെ യാചനയുടെ ശബ്ദം നീ കേട്ടു.
23. യഹോവയുടെ സകല വിശുദ്ധന്മാരുമായുള്ളോരേ, അവനെ സ്നേഹിപ്പിൻ; യഹോവ വിശ്വസ്തന്മാരെ കാക്കുന്നു; അഹങ്കാരം പ്രവർത്തിക്കുന്നവന്നു ധാരാളം പകരം കൊടുക്കുന്നു.
24. യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ, ധൈര്യപ്പെട്ടിരിപ്പിൻ; നിങ്ങളുടെ ഹൃദയം ഉറെച്ചിരിക്കട്ടെ.

# ദൈവത്തിന്റെ ഉറപ്പുള്ള അനശ്ചിത കാലങ്ങൾ!

## UNCERTAIN TIMES WITH THE CERTAINTY OF GOD!

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



നീ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ആകുന്നു; നിന്റെ ബലത്തെ നീ ജാതികളുടെ ഇടയിൽ വെളിപ്പെടുത്തിയിരിക്കുന്നു – സങ്കീർത്തനങ്ങൾ 77:14

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

ഈ ലേഖനത്തിലൂടെ ഒരിക്കൽകൂടി നിങ്ങളെ കാണുവാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. 2024 ന്റെ രണ്ടു മാസം നമ്മെ വിട്ട് കടന്നുപോയിരിക്കുന്നു. സമയം വളരെ വേഗം പറന്നുപോകുന്നു. നാം വിശ്വസിക്കുന്ന നമ്മുടെ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവമാണെന്നും തന്റെ ശക്തി ജനങ്ങളുടെമേൽ പ്രകടിപ്പിക്കുവാൻ സന്തോഷിക്കുന്നു എന്നും 77-ാം സങ്കീർത്തനത്തിൽ വിശദീകരിക്കുന്നു. അസാദ്ധ്യമായത് ചെയ്യാൻ അവൻ ആകാംക്ഷയോടെ കാത്തിരിക്കുകയും ജീവിതയാത്രയിലുടനീളം അവനിലുള്ള അചഞ്ചലമായ വിശ്വാസത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു.

നമ്മുടെ ജീവിതം വേഗത നിയന്ത്രണ ബമ്പുകൾ, കാണാൻ സാധിക്കാത്ത ഭാഗങ്ങൾ, വളവുകൾ, കുഴികൾ തുടങ്ങി പ്രതീക്ഷിക്കാത്ത വളവുകളും തിരിവുകളും കൊണ്ടു അനശ്ചിതത്വം നിറഞ്ഞതായിരിക്കുന്നു. നിരന്തരമായ മാറ്റങ്ങൾ നിറഞ്ഞ ഈ അജ്ഞാത റോഡുകളിലൂടെ സഞ്ചരിക്കുന്നത് വലിയ വെല്ലുവിളി ഉയർത്തുന്നു.

3-ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## *from your dearly beloved brother...*





**"Blessed be the Lord God, the God of Israel, who only does wondrous things." - Psalm 72:18.**

കർത്താവിൽ പ്രിയരേ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ നിങ്ങൾക്ക് സ്നേഹവന്ദനം!

കഴിഞ്ഞ ഏതാനും മാസങ്ങളിൽ കർത്താവ് നമ്മുടെ ശുശ്രൂഷകളെ അത്ഭുതകരമായ രീതിയിൽ നടത്തി.വിളിയുടെ പ്രതിധ്വനി മാസികയിലൂടെയും യുട്യൂബ് ചാനലിലെ സന്ദേശങ്ങളിലൂടെയും വിദൂര ദേശത്തുള്ള പലരെയും ദൈവം സന്ദർശിച്ചു. 2023 ഡിസംബർ 31-ാം തിയതി നടന്ന വർഷാന്ത്യ പുതുവർഷ ആരാധന വളരെയധികം അനുഗ്രഹപ്രദമായിരുന്നു.



*പുതുവർഷ വർഷാന്ത്യ പ്രാർത്ഥന*

നെഹെമ്യ ബൈബിൾ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന പാസ്റ്റർ പി. ആരോക്യദാസ് ഇപ്പോൾ വളശരവക്കത്താണ് താമസിക്കുന്നത്. അദ്ദേഹം ഞങ്ങളുടെ മുഖ്യ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ കടന്നുവന്ന് തന്റെ ശക്തമായ സാക്ഷ്യം പങ്കുവച്ചു. അദ്ദേഹം അവിടെ പുതിയൊരു ശുശ്രൂഷ ആരംഭിച്ചിട്ടുണ്ട്.



*മുഖ്യ പാസ്റ്ററോടൊപ്പം പാസ്റ്റർ പി. ആരോക്യദാസ്*



*മുഖ്യ പാസ്റ്ററോടൊപ്പം ബ്ര. സുരേഷ് ടിർഗെയും മകൻ അവിനാഷ് ടിർഗെയും*

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**HON. EDITOR-IN-CHIEF**
Rev. Angeline S. Kumari, M.A., M.Sc., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

ഛത്തിസ്ഗഡിൽ നിന്നും ബ്ര. സുരേഷ് ടിർഗെയും മകൻ അവിനാഷ് ടിർഗെയും ബന്ധുമിത്രാദികളുമായി ഞങ്ങളുടെ മുഖ്യസഭയിൽ കടന്നുവന്നു. ഹിന്ദി ഭാഷയിലുള്ള വിളിയുടെ പ്രതിധ്വനി മാസിക വായിച്ച് അനുഗ്രഹം പ്രാപിച്ചതിന് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ മഹത്വപ്പെടുത്തി.



*മഹാബലിപുരത്തു നടത്തപ്പെട്ട ഏകദിന സെമിനാർ*

നമ്മുടെ മുഖ്യസഭയുടെ വിവിധ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കർത്താവിന്റെ മുൻനിര സഹപ്രവർത്തകർക്കായി ദയവായി പ്രാർത്ഥിക്കുവിൻ.

26-01-2024 ൽ മഹാബലിപുരത്തുവച്ചു നടന്ന ഏകദിന സെമിനാറിൽ നെഹെമ്യ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളും മുഖ്യസഭയിലെ യുവജനങ്ങളുമുൾപ്പെടെ 60 പേർ പങ്കെടുത്തു. സെമിനാർ വളരെ അനുഗ്രഹപ്രദമായിരുന്നു.

ഞങ്ങളുടെ ഹിന്ദി ഭാഷയിലുള്ള നെഹെമ്യ ബൈബിൾ കോളേജ് വിദ്യാർത്ഥികൾക്കായി ഒരു ദീർഘകാല പദ്ധതി വികസിപ്പിക്കുന്നതിനും ഉത്തരേന്ത്യയിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികൾക്ക് സുവിശേഷം എത്തിക്കുവനും തീരുമാനമെടുത്തു. ഉത്തരേന്ത്യയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്നേഹമുള്ള അഡ്വ. ധർമ്മരാജ്,



പാസ്റ്റർ ഫ്രാങ്ക്ളിൻ, പാസ്റ്റർ ദേവദാസ് എന്നിവരുടെ നേതൃത്വത്തിലാണ് ഈ പദ്ധതി.

വിളിയുടെ പ്രതിധ്വനിയുടെ പലവിധമായ ശുശ്രൂഷകൾക്കായും ശുശ്രൂഷകർക്കായും ദയവായി പ്രാർത്ഥിക്കുവിൻ. ദൈവകൃപ നിങ്ങളോടെല്ലാം ഉണ്ടായിരിക്കുമാറാകട്ടെ, ആമേൻ

***പാസ്റ്റർ സാം സെൽവരാജ്***
***പാസ്റ്റർ അലക്സ് സാംസൺ സാം***
(+91) 98412 71858/98410 71858
E-mail : sam@echoofhiscall.org

## വിളിയുടെ പ്രതിധ്വനി വായനക്കാർ ദയവായി ശ്രദ്ധിക്കുവിൻ

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

- പാസ്റ്റർ സാം സെൽവരാജ്

*1-ാം പേജിന്റെ തുടർച്ച...*

വാഹനമോടിക്കുമ്പോൾ ഞാൻ ഗതിനിയന്ത്രണത്തിൽ ആശ്രയിക്കുന്നു. അത്, ആദ്യമായി വഴി തെറ്റാതിരിക്കുവാനും രണ്ടാമതും പ്രധാനമായും റോഡിന്റെ അവസ്ഥ മനസ്സിലാക്കുവാനുമായാണ്. ഞാൻ പർവ്വത പ്രദേശത്തു താമസിക്കുന്നതിനാൽ അനേകം കയറ്റവും ഇറക്കവുമൊക്കെ അഭിമുഖീകരിക്കേണ്ടതായുണ്ട്. ഗൂഗിൾ മാപ്പ് പോലെയുള്ള പ്രയോഗങ്ങൾ മുന്നോട്ടുള്ള റോഡി ന്റെ ദൃശ്യം കൃത്യമായി കാണിക്കുന്നതുകൊണ്ട് സുരക്ഷിതമായി വാഹനമോടിക്കുവാൻ സഹായിക്കുന്നു. ഉദാഹരണമായി, വളവുകൾ മുൻകൂട്ടി കാണുവാനും ഓവർടേക്ക് ചെയ്യാതിരിക്കാനും വളവില്ലാത്തിടങ്ങളിലൂടെ ഓവർടേക്ക് ചെയ്യുവാനും അന്ധമായ സ്ഥലങ്ങളിൽ വേഗത കുറക്കുവാനും അപരിചിതമായ റോഡുകളിൽ ജാഗ്രതയോടെ വാഹനമോടിക്കുവാനും കഴിയും. ജി.പി.എസ് ഉപയോഗിക്കുന്നതിനാൽ റോഡിന്റെ അനശ്ചിതത്വങ്ങൾ നേരിടുവാൻ ഞാൻ തയ്യാറാണ്. ജീവിതവും ജി.പി.എസ് ഉപയോഗിച്ച് വരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തുടക്കം മുതൽ അവസാനം വരെ കാണാൻ സാധിക്കും.

എനിക്ക് നിങ്ങളെക്കുറിച്ച് അറിയില്ല, പക്ഷെ വ്യക്തിപരമായി, എന്തെങ്കിലും ആരംഭിക്കുന്നതിനുമുമ്പ് അതിന്റെ അവസാനം അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ യാത്ര എങ്ങോട്ടാണെന്ന് അറിയാതിരിക്കു

**Statement about ownership and other particulars about the Newspaper Echo of His Call (Malayalam) - Form IV (See Rule 8)**

| | | |
|---|---|---|
| 1. Place of Publication | : | **New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai - 600 005.** |
| 2. Periodicity | : | **Monthly** |
| 3. Printer, Editor, Owner & Publisher | : | **S. Sam Selva Raj** (Same Address) |
| 4. Nationality | : | **Indian** |

I, **S. Sam Selva Raj** hereby declare that the particulars given above are true to the best of my knowledge and belief.

**March 2024** **S. Sam Selva Raj.**

ന്നത് എനിക്ക് പ്രയാസമുള്ള കാര്യമാണ്. ഫലം മനസ്സിൽ കണ്ടതിനുശേഷം പ്രവർത്തനം ആരംഭിക്കുക എന്നത് എന്റെ രീതിയാണ്. പക്ഷെ, ജീവിതം ഒരിക്കലും അങ്ങനെയല്ല. നാം പ്രതീക്ഷിക്കാത്ത വെല്ലുവിളികൾ നമുക്കു നേരിടേണ്ടിവരുന്നു. പ്രീയപ്പെട്ട ഒരാളുടെ വേർപാട്, ജോലി മാറ്റം, സാമ്പത്തിക ബുദ്ധിമുട്ടുകൾ, ബന്ധങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന വിള്ളലുകൾ എന്നിവ ഇതിനു ഉദാഹരണങ്ങളാണ്.

അത്തരം അനശ്ചിതത്വങ്ങളെ നാം എങ്ങനെ നേരിടും? 27 വർഷമായി വിവാഹിതരും മൂന്നു സൗന്ദര്യമുള്ള കുഞ്ഞുങ്ങളുള്ളവരും പരസ്പരം മനസ്സിലാക്കി ജീവിക്കുന്നവരുമായ ദമ്പതികളെ ഞാൻ ഓർക്കുകയാണ്. പെട്ടെന്നു ഞാൻ കേട്ടത് അവർ വേർപിരിയാൻ പോകുന്നു എന്നാണ്. ഞാൻ ഞെട്ടിപ്പോയി. ഞാൻ ആ ഭാര്യയോടു കാരണം തിരക്കിയപ്പോൾ അവർ പറഞ്ഞത്: "അല്പം പോലും പ്രതീക്ഷിക്കാത്ത സമയത്താണ് അതു സംഭവിച്ചത്. എന്റെ ജീവിതത്തിൽ ഇങ്ങനെ സംഭവിക്കുമെന്നു ഞാൻ കരുതിയില്ല".

ഇത് കഠിനവും വേദനാജനകവുമാണെങ്കിലും സത്യത്തിനു മാറ്റമില്ല. ഈ സാഹചര്യങ്ങളിലെല്ലാംതന്നെ ഒരു കാര്യം ഉറപ്പായി പറയാം: ദൈവം വിശ്വസ്തനാണ്! ഭയത്തിന്റെയും വേദനയുടെയും കഷ്ടതയുടെയും പരാജയത്തിന്റെയും തോൽവിയുടെയും സന്തോഷത്തിന്റെയുമെല്ലാംമദ്ധ്യേ ദൈവം വിശ്വസ്തനാണ്. **നീ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ആകുന്നു; നിന്റെ ബലത്തെ നീ ജാതികളുടെ ഇടയിൽ വെളിപ്പെടുത്തിയിരിക്കുന്നു** എന്ന് സങ്കീർത്തനങ്ങൾ 77:14 ൽ പറയുന്നു – അതായത് ഏതു സാഹചര്യത്തിലും.

ഇങ്ങനെയുള്ള അനശ്ചിതമായ സാഹചര്യങ്ങളിൽ വ്യക്തികളിലും സഭകളിലും കുടുംബങ്ങളിലും ദൈവം എന്താണ് ചെയ്യാൻ പോകുന്നത് എന്ന് അറിയാൻ നമുക്ക് ആഗ്രഹമുണ്ട്.

എല്ലാറ്റിനുമുപരിയായി, "ഈ സാഹചര്യങ്ങളിലെല്ലാം ദൈവം എവിടെയായിരുന്നു?" എന്ന ഏറ്റവും വലിയ ചോദ്യവുമുണ്ട്. ഇതാണ് സാധാരണവും ഏറ്റവും ഭയപ്പെടുത്തുന്നതുമായ ചോദ്യം!

എവിടെ പോകണമെന്ന് അറിയാതെ, എങ്ങനെ പോകണമെന്ന് അറിയാതെ, ഭാവി എന്താണെന്ന് അറിയാതെ നിശ്ചലമായിപ്പോയ അവസ്ഥയിൽ അവൻ അത്ഭുതകരമായി കാര്യങ്ങൾ ചെയ്യുന്നു എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അനശ്ചിതത്തിന്റെ കാലങ്ങൾ! നമ്മിൽ എത്ര പേരാണ് ഈ കാലത്തിലൂടെ കടന്നുപോകുന്നതെന്ന് എനിക്ക് അറിയില്ല. എന്റെ ജീവിതം എന്നെങ്കിലും മാറുമോ? നിങ്ങൾ വെല്ലുവിളികൾ നേരിടുമ്പോഴും ദൈവം സിംഹാസനത്തിൽ തന്നെയാണ്. അവൻ ഇപ്പോഴും ഭരിക്കുന്നു. ജീവിതത്തിൽ ചില പ്രത്യേക സാഹചര്യങ്ങൾ കടന്നുവരാൻ അവൻ അനുവദിക്കുന്നത് അവങ്കലേക്ക് അടുത്തുവരുവാനായാണ്. അതിലൂടെ അവൻ ഉയർത്തപ്പെടും.

യിസ്രായേല്യരുടെ ജീവിതമല്ലാതെ ഇതിനു മറ്റൊരു ഉദാഹരണമില്ല. അടിമത്വത്തിന്റെ പിടിയിൽ നിന്നുള്ള മോചനത്തിനായി അവർ 400 വർഷമായി പ്രാർത്ഥിക്കുകയായിരുന്നു. ഒടുവിൽ ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ച് തന്റെ ശക്തിയെ മിസ്രയീമ്യർക്കു വെളിപ്പെടുത്തിക്കൊടുത്തു. പകർച്ചവ്യാധി, മരണം, കടലിന്റെ വിഭജനം, വിഭജിച്ച കടൽ ഒന്നായി മിസ്രയീം സൈന്യത്തിന്റെ നാശം, ഇവയിലൂടെ യിസ്രായേല്യരെ വിടുവിച്ചു. ദൈവത്തിന്റെ ശക്തിയുടെ വെളിപ്പെടുത്തലായിരുന്നു മിസ്രയീമ്യരെ ബാധിച്ച 10 ബാധകൾ. ഇതൊന്നുമില്ലാതെ തന്നെ ദൈവത്തിന് അവരെ വിടുവിക്കാമായിരുന്നെങ്കിലും യഹോവ ആരാണെന്ന് മിസ്രയീമ്യരും യിസ്രായേല്യരും മനസ്സിലാക്കണമെന്നത് ദൈവഹിതമായിരുന്നു. അവൻ എത്ര ശക്തിയുള്ള ദൈവമാണ്! അതിനാലാണ് 2024-ലിൽ പോലും നാം അതിനെക്കുറിച്ച് സംസാരിക്കുന്നത്.

### അനശ്ചിതകാലങ്ങളെ നാം എങ്ങനെ കൈകാര്യം ചെയ്യും?

ആശയക്കുഴപ്പം, സംശയം, ചോദ്യം ചെയ്യൽ, ഭയം, ഉത്കണ്ഠ, നിലവിലെ സാഹചര്യത്തിന് മറ്റുള്ളവരെ കുറ്റപ്പെടുത്തുക, കോപം, നിരാശ, ബുദ്ധിമുട്ട്, വിദ്വേഷം, നിരാശ, നിരുത്സാഹം, സങ്കടം, ഏകാന്തത, ആധി എന്നിവയാണ് അനശ്ചിതകാലങ്ങളിൽ നമുക്ക് അനുഭവപ്പെടുന്ന വികാരങ്ങൾ. അത് അനന്തമായി തുടരുന്നു. അതിനാൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നു കരുതി ജീവിക്കുക.

ആ സമയങ്ങളിൽ നാം എന്താണ് ചെയ്യേണ്ടത്?

**1. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ മുറുകെ പിടിക്കുക! കാരണം അവന് നമ്മുടെ ഭാവി അറിയാം!!**

നിങ്ങളുടെ അജ്ഞാത ഭാവിയെ ദൈവകരങ്ങളിൽ സമർപ്പിക്കുവിൻ.

ചുരുക്കി പറഞ്ഞാൽ, ദൈവത്തെ മുറുകെ പിടിപ്പിൻ. എന്തെങ്കിലും തുടങ്ങുതിനുമുമ്പും എന്തു ആസൂത്രണം ചെയ്യുന്നതിനുമുമ്പും പ്രാർത്ഥിക്കുന്നത് നിർണായകമാണ്.

....Contd. to page 6


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

ECHO OF HIS CALL 1969-2019
REACHING NATIONS

माध्यमः हिन्दी

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd: 1969

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान

Certificate in Ministry
Diploma in Theology

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ऑनलाइन कक्षाएं उपलब्ध हैं ✶

GREAT COMMISSION PARTNERS

ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*മാർച്ച് 19* ⇨ നമ്മുടെ ബൈബിൾകോർ, വേദശാസ്ത്ര വിദൂര പഠന കോഴ്സ് എന്നിവ അനുഗ്രഹിച്ചതിനായി.

*മാർച്ച് 20* ⇨ നെഹെമ്യ ബൈബിൾ കോളേജ് വിദ്യാർത്ഥി കൾക്കും മുഖ്യസഭയിലെ യുവജനങ്ങൾക്കും വേണ്ടി ജനുവരി 26-ാം തിയതി മഹബലിപുരത്തുവച്ചു നടന്ന ഒരു ദിവസത്തെ റിട്രീറ്റ് അനുഗ്രഹിച്ചു തന്നതിനായി.

*മാർച്ച് 21* ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

*മാർച്ച് 22* ⇨ 1969 മുതലുള്ള മാസിക ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നതിനായി.

*മാർച്ച് 23* ⇨ വിവിധ ശുശ്രൂഷകളിലൂടെ സുവിശേഷം ലോകം മുഴുവനും എത്തിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

*മാർച്ച് 24* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

*മാർച്ച് 25* ⇨ അഭിഷേകമുള്ള പുതിയ അംഗങ്ങളെ മുഖ്യസഭയ്ക്കു ലഭിച്ചതിനായി.

*മാർച്ച് 26* ⇨ ബെഹെമ്യ ബൈബിൾ കോളേജുകളെ അനുഗ്രഹിച്ചതിനായി.

*മാർച്ച് 27* ⇨ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

*മാർച്ച് 28* ⇨ യുവജനങ്ങൾക്കും ശിശുസംരക്ഷണ ശുശ്രൂഷയ്ക്കും വേണ്ടിയുള്ള ഞങ്ങളുടെ ആഗോള കാഴ്ച്ചപ്പാടിനെ അനുഗ്രഹിച്ചതിനായി.

*മാർച്ച് 29* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ നല്ല കാഴ്ചപ്പാടുള്ള പ്രിൻസിപ്പാളിനെയും അദ്ധ്യാപകരെയും ലഭിച്ചതിനായി.

*മാർച്ച് 30* ⇨ മിഷണറി പ്രവർത്തകരുടെ വലിയ പ്രതിബദ്ധതക്കായി.

*മാർച്ച് 31* ⇨ സംസ്ഥാന കോഡിനേറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 01* ⇨ കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ നിറവേറ്റിത്തന്നതിനായി.

*ഏപ്രിൽ 02* ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെയും മദ്ധ്യേ ക്രിസ്തീയ ശുശ്രൂഷകൾ വളർന്നു കൊണ്ടിരിക്കുന്നതിനായി.

*ഏപ്രിൽ 03* ⇨ അരാജകത്വത്തിനും യുദ്ധഭീതികൾക്കുംമദ്ധ്യേ എല്ലാ രാജ്യങ്ങളുടെയും ദൈവീക സംരക്ഷണത്തിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*ഏപ്രിൽ 04* ⇨ ഭൂമിയിൽ തന്റെ രാജ്യം കെട്ടിപ്പടുക്കാനായി ദൈവം കൂടുതൽ ദർശനങ്ങൾ നൽകാനായി.

*ഏപ്രിൽ 05* ⇨ വൈറൽ പനിയിൽനിന്നും മറ്റു പകർച്ച വ്യാധികളിൽനിന്നുമുള്ള വിടുതലിനായി.

*ഏപ്രിൽ 06* ⇨ ഏതു വിധേനയും നമ്മുടെ ശുശ്രൂഷകളുടെ വികസനത്തിനായി.

*ഏപ്രിൽ 07* ⇨ എല്ലാ രാജ്യത്തെയും പ്രസിഡന്റ്, പ്രധാന മന്ത്രി, മറ്റു ഭരണകർത്താക്കൾ എന്നിവർക്കായി.

*ഏപ്രിൽ 08* ⇨ പ്രാർത്ഥനയിലൂടെയും സാമ്പത്തികത്തിലൂടെയും ശുശ്രൂഷയെ സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാ അഭ്യുദയകാംക്ഷികൾക്കുമായി.

*ഏപ്രിൽ 09* ⇨ നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

*ഏപ്രിൽ 10* ⇨ എല്ലാ രാജ്യങ്ങളിലെയും കുട്ടികളും യുവജനങ്ങളും യേശുക്രിസ്തുവിനെ തങ്ങളുടെ വ്യക്തിപരമായ രക്ഷകനായി അംഗീകരിക്കുവാനായി.

*ഏപ്രിൽ 11* ⇨ എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും എല്ലാ മേഖലയിലുമുള്ള ഉയർച്ചക്കുമായി.

*ഏപ്രിൽ 12* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

*ഏപ്രിൽ 13* ⇨ നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറി പുസ്തകങ്ങൾ കൊഹാ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യുന്നതിനായി.

*ഏപ്രിൽ 14* ⇨ ലോകം മുഴുവനുമുള്ള എല്ലാ ജനങ്ങളുടെയും ആവശ്യങ്ങൾക്കായി.

*ഏപ്രിൽ 15* ⇨ ഞങ്ങളുടെ മന്ത്രാലയത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാൻ.

*ഏപ്രിൽ 16* ⇨ ലോകം മുഴുവനുമുള്ള സാമ്പത്തിക മാന്ദ്യം അവസാനിക്കുവാൻ.

*ഏപ്രിൽ 17* ⇨ ദൈവകൃപ ഒരിക്കൽകൂടി ജനങ്ങളുടെമേൽ വർഷിക്കുവാൻ.

*ഏപ്രിൽ 18* ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുവാൻ.

...4-ാം പേജിന്റെ തുടർച്ച

മനുഷ്യരുടെ ആലോചന സ്വീകരിക്കാതെ ദൈവത്തോടു ചോദിച്ചിട്ടു ചെയ്യുവിൻ. പുതിയ എന്തെങ്കിലും ആരംഭിക്കുന്നതിനുമുമ്പ് ദൈവവചനത്തിന്റെ സ്ഥിരീകരണം തേടുക.

അനശ്ചിതത്തിന്റെ കാലത്ത് ദൈവത്തിങ്കലേക്ക് പ്രത്യാശയോടെ തിരിയുവാനുള്ള വാഗ്ദത്തം ദൈവജനത്തിനുണ്ട്. ഇന്ന് നിങ്ങളുടെ പ്രത്യാശ എവിടെയാണ്? നമ്മുടെ പ്രതീക്ഷ ആരിലാണ്? അത് സമ്പത്തിലോ, ജോലിയുടെ ഉറപ്പിലോ? നാളെ നമ്മുടെ ജോലി നഷ്ടപ്പെടുകയാണെങ്കിൽപോലും **എനിക്ക് ഒന്നിനും കുറവില്ല, എന്റെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തരും, ദൈവത്തിന്റെ നന്മ എനിക്കു തൃപ്തി തരും** എന്ന് ധൈര്യത്തോടെ പ്രഖ്യാപിക്കാൻ കഴിയും.

അനശ്ചിതത്തിന്റെ കാലങ്ങളിൽ വിശ്വസ്തനായ ദൈവത്തിന്റെ സാന്നിദ്ധ്യം അന്വേഷിക്കുകയും അവനോടു ചോദിക്കുകയും ചെയ്യുവിൻ. കാരണം, അവന് നമ്മുടെ ഭാവി, നമ്മുടെ നാളെകൾ എന്നിവയും നമ്മുടെ ഇന്നലകളെയും അറിയാം. അവനെയും അവന്റെ വാക്കുകളെയും മുറുകെ പിടിപ്പിൻ.

ഉല്പത്തി 4:2ൽ ദൈവം മോശെയോട് **നിന്റെ കയ്യിൽ ഇരിക്കുന്നത് എന്ത് എന്നു ചോദിച്ചു. ഒരു വടി എന്ന് അവൻ പറഞ്ഞു**. മോശെ തന്റെ വടി ദൈവകരങ്ങളിൽ സമർപ്പിച്ചപ്പോൾ അത് “ദൈവത്തിന്റെ വടി”യായി മാറി അത്ഭുതം സംഭവിച്ചു. ദൈവത്തിന്റെ വടിയായി മാറിയപ്പോൾ സംഭവിച്ച ശക്തമായ മാറ്റത്തിന് സാക്ഷികളാകുവിൻ.

**അപ്പോൾ മോശെ യോശുവയോടു: നീ ആളുകളെ തിരഞ്ഞെടുത്തു പുറപ്പെട്ടു അമാലേക്കിനോടു യുദ്ധം ചെയ്ക; ഞാൻ നാളെ കുന്നിൻ മുകളിൽ ദൈവത്തിന്റെ വടി കയ്യിൽ പിടിച്ചുംകൊണ്ടു നില്ക്കും എന്നു പറഞ്ഞു** (പുറപ്പാട് 17:9). ദൈവത്തിന്റെ വടി കൊണ്ട് അവർക്ക് യുദ്ധത്തെ നേരിടാൻ കഴിഞ്ഞു.

മോശെയുടെ ജീവിതം നോക്കുമ്പോൾ, മിസ്രയീമിലേക്കു മടങ്ങിപ്പോകാൻ വിമുഖത കാട്ടുന്നതായി കാണാം. കുടുംബത്തിന്റെ ക്ഷേമം, നേതൃത്വവുമായുള്ള ബന്ധം നഷ്ടമായത്, രാജകുമാരനെന്ന നിലയിൽ നേടിയ കഴിവുകൾ, ഫറവോനെ നേരിടാനുള്ള വാക്ചാതുര്യക്കുറവ്, സ്വന്തം ജനങ്ങൾ അംഗീകരിക്കാത്ത സ്ഥലത്തേക്ക് മടങ്ങുന്നതിന്റെ ഭയം എന്നിവയായിരുന്നു ഈ അനശ്ചിതത്തിൽ മോശെയെ അലട്ടിയ ചോദ്യങ്ങൾ.

സംശയങ്ങളും ഭയവുമൊക്കെ ഉണ്ടായിരുന്നു എങ്കിലും തന്റെ കയ്യിലുണ്ടായിരുന്നതിനെ ദൈവമുമ്പാകെ സമർപ്പിച്ചപ്പോൾ, അത് അസാധാരണമായ ഒന്നായി മാറുകയും അതിലൂടെ ദൈവത്തിന് അത്ഭുതങ്ങൾ കാണിക്കുവാനും തന്റെ ശക്തി പ്രകടമാക്കുവാനും കഴിഞ്ഞു.

നിന്റെ കരങ്ങളിലുള്ളത് ദൈവമുമ്പാകെ സമർപ്പിക്കുവാൻ നീ തയ്യാറാണോ, എങ്കിൽ അതിലൂടെ ദൈവത്തിന് അത്ഭുതം പ്രവർത്തിക്കുവാൻ കഴിയും. നിങ്ങളുടെ ഭയങ്ങൾ, ആശങ്കകൾ, ചോദ്യങ്ങൾ, ആശയക്കുഴപ്പം, സംശയങ്ങൾ, ഉത്കണ്ഠ, നിലവിലെ സാഹചര്യത്തിന് മറ്റുള്ളവരെ കുറ്റപ്പെടുത്തുക, കോപം, നിരാശ എന്നിവയും മറ്റു വികാരങ്ങളും അവന്റെ മുമ്പിൽ സമർപ്പിക്കുക.

അത് ദൈവത്തിന്റെ വടിയായി രൂപാന്തരപ്പെടട്ടെ.

## 2. നിങ്ങളുടെ ചുറ്റും ദൈവഭക്തരായവർ ഉണ്ടെങ്കിൽ അവർ നിങ്ങളോടൊപ്പം നടക്കും!!

ഞങ്ങൾക്ക് ഒരു സഭയും സഭാകുടുംബവുമുള്ളതിന്റെ കാരണം ഇതാണ്. നിങ്ങൾ അനശ്ചിതത്തിലൂടെ കടന്നുപോകുമ്പോൾ ദൈവഭക്തർ നിങ്ങളോടൊപ്പം നടക്കുകയും, ശക്തീകരിക്കുകയും, നിങ്ങളോടൊപ്പം പ്രാർത്ഥിക്കുകയും, ഏകാന്തതയിൽ നിങ്ങളെ താങ്ങുകയും ചെയ്യും. നമ്മോടൊപ്പം നടക്കാനും പ്രാർത്ഥിക്കാനും ആത്മീയ ഉപദേശം നൽകാൻ കഴിയുന്ന ആളുകളുമായി ബന്ധം വളർത്തിയെടുക്കുക അത്യാവശ്യമാണ്.

ഇപ്പോൾ നിങ്ങൾ പതിവായി ഒരുമിച്ചു പ്രാർത്ഥിക്കാൻ സാധിക്കുന്ന ഒരാളെ തിരഞ്ഞെടുക്കുക. ആത്മീയ വൈദഗ്ദ്ധ്യം കൊണ്ടു നിങ്ങളെ അനുഗ്രഹിക്കാൻ കഴിയുന്ന ഒരാളെ തിരഞ്ഞെടുക്കുക, അല്ലെങ്കിൽ നിങ്ങൾക്കു ആത്മീയ അനുഗ്രഹമാകാൻ കഴിയുന്ന ഒരാളെ തിരഞ്ഞെടുക്കുക. നിങ്ങൾക്കു രണ്ടും ചെയ്യാൻ കഴിയുമെങ്കിൽ വളരെ നല്ലതാണ്.

കൗമാര പ്രായത്തിന്റെ അനശ്ചിതത്വത്തിൽ കുടുംബത്തെയും സുഹൃത്തുക്കളെയും ജന്മദേശത്തെയും ബന്ധുക്കളെയും തന്റെ സ്വാതന്ത്ര്യത്തെയും ഉപേക്ഷിച്ച് ഒരു പരിചയവുമില്ലാത്ത ദേശത്ത് ബന്ധിതനെപ്പോലെ പോകേണ്ടിവന്ന ദാനീയേലിന്റെ ജീവിതം ഉദാഹരണമായി കാണാൻ കഴിയും.

ആദ്യ അദ്ധ്യായത്തിൽ അവൻ ദൈവത്തിന്റെ പ്രീതി നേടുന്നു - എല്ലാം ശരിയായി എന്നു കരുതിയിരുന്ന സമയം പെട്ടെന്ന് രണ്ടാം അദ്ധ്യായത്തിൽ ദാനീയേൽ ഗുരുതരമായ പ്രശ്നം നേരിടേണ്ടി വരുന്നു.

രാജാവ് ഒരു സ്വപ്നം കണ്ടപ്പോൾ, **അവന്റെ മനസ്സ് വ്യാകുലപ്പെട്ടു; അവന്നു ഉറക്കമില്ലാതെയായി** (ദാനീയേൽ 2:1).

**രാജാവു കോപിച്ചു അത്യന്തം ക്രുദ്ധിച്ചു ബാബേലിലെ സകല വിദ്വാന്മാരെയും നശിപ്പിപ്പാൻ കല്പന കൊടുത്തു.... അവർ ദാനീയേലിനെയും കൂട്ടുകാരെയുംകൂടെ കൊല്ലുവാൻ അന്വേഷിച്ചു** (ദാനീയേൽ 2:12,13). എല്ലാം നന്നായിരുന്നപ്പോൾ പെട്ടെന്ന് ജോലി, പ്രശസ്തി, ഉത്തരവാദിത്തം, അംഗീകാരം എല്ലാം നഷ്ടപ്പെടാൻ പോകുന്നു. ഇതുവരെ കഷ്ടപ്പെട്ടു നേടിയെടുത്തതെല്ലാം വെറുതെയായി.

അവൻ എന്താണ് ചെയ്തത്? ദാനിയേൽ അനശ്ചിതത്തിന്റെ മൂർദ്ധന്യാവസ്ഥയിലായിരുന്നു. **അവൻ എന്തു ചെയ്തു? പിന്നെ ദാനീയേൽ വീട്ടിൽ ചെന്നു, താനും കൂട്ടുകാരും ബാബേ**

9-ാം പേജിൽ തുടരും...

NEHEMIAH BIBLE COLLEGE

Graduation Service, 2023-2024

Venue : BKN Hall, Vepery, Chennai – 07.
Date : 1st June, 2024 (Saturday)
Time : 5.00 P.M.





About 50 students will complete their studies and will be sent to the mission field.

We need 75 students for the Tamil and Hindi courses for the academic year 2024-2025. Please pray for this request.

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## നീ ചവിട്ടുന്ന ദേശം ഞാൻ നിനക്കു തരും!

നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും... നിങ്ങൾക്കു തന്നിരിക്കുന്നു (യോശുവ 1:3)

1973 ഏപ്രിൽ മെയ് മാസത്തെ കഠിനമായ ചൂടുള്ള വേനൽ കാലത്തിൽ ചെന്നൈയിലെ താംബരത്തുള്ള കോർലി ഹൈസ്കൂളിൽ യുവതീ യുവാക്കൾക്കായുള്ള മൂന്നു ദിവസത്തെ റിട്രീറ്റ് സംഘടിപ്പിച്ചു. യുവാക്കൾക്കുള്ള നവോത്ഥാന കൂട്ടായ്മയായ ബ്ലെസിംഗ് യൂത്ത് മിഷന്റെ സ്ഥാപകനായ ബ്ര. സ്റ്റാൻലി ശക്തവും വെല്ലുവിളി നിറഞ്ഞതുമായ സന്ദേശങ്ങൾ നൽകി. അദ്ദേഹം ക്രിസ്തീയ ശുശ്രൂഷയുടെ മികച്ച നേതാവായി ഇന്നും തുടരുന്നു.

23 വയസ്സായ ഞാനും ആ യോഗങ്ങളിൽ പങ്കെടുത്തു. സർക്കാർ ജോലിയോടൊപ്പം അന്ന് ഞാൻ ദൈവവേലയും ചെയ്യുകയായിരുന്നു. അത് ജീവിതത്തിൽ വെല്ലുവിളി നിറഞ്ഞ അനുഭവമായിരുന്നു.

ഉച്ചഭക്ഷണം കഴിഞ്ഞ് മൂന്നു ദിവസത്തെ റിട്രീറ്റിന്റെ അവസാന ദിവസം എല്ലാവരും ട്രെയിനിലും ബസ്സിലുമായി മടങ്ങിപ്പോകാൻ തയ്യാറെടുക്കുകയായിരുന്നു.

പക്ഷെ, പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ കോർലി ഹൈസ്കൂളിന്റെ ഗേറ്റ് കടന്നുപോകാൻ എനിക്കു കഴിഞ്ഞില്ല. ഏകദേശം ഒരു മണിക്കൂറോളം ഞാൻ ആ ഗേറ്റിൽ തന്നെ നിന്നു. ദൈവദാസനായ ബ്ര. സ്റ്റാൻലി പറഞ്ഞ ഓരോ വാക്കുകളും എന്റെ ആത്മീയ കണ്ണുകളിൽ തെളിഞ്ഞുവന്നു.

മൃദുലവും സൗമ്യവുമായ ശബ്ദത്തിലൂടെ പരിശുദ്ധാത്മാവ് എന്നോടു സംസാരിച്ചു. അതിനാൽ ഞാൻ താമസിക്കുന്ന സ്ഥലത്തേക്ക് പോകാൻ എനിക്കു കഴിഞ്ഞില്ല. പക്ഷെ, പകരം എന്നെ ആ കഠിനമായ ചൂടുള്ള സമയത്ത് ചെന്നൈയിലെ താംബരം-വേളാച്ചേരി മെയിൻ റോഡിലൂടെ നടക്കാൻ ആത്മാവ് പ്രേരിപ്പിച്ചു. ബസ്സിനോ ട്രെയിനിനോ പോകാൻ എന്റെ കൈയ്യിൽ പണമില്ലാത്തതുകൊണ്ട് ഞാൻ നടക്കുകയാണെന്ന് യോഗത്തിൽ കൂടെ ഉണ്ടായിരുന്നവർ വിചാരിച്ചു. അവർ യാത്ര ചെയ്യുന്ന അവരുടെ വാഹനങ്ങളുടെ ജനാലയിലൂടെ എന്നെ സഹതാപത്തോടെ നോക്കി.

പക്ഷെ, ഞാൻ ഒന്നിനെക്കുറിച്ചും വിഷമിച്ചില്ല. ഞാൻ നടന്നു പോകുന്ന വഴിയിൽ കണ്ട എല്ലാവർക്കും, റോഡിന്റെ ഇരു വശങ്ങളിലുമുള്ള വീടുകളിലുള്ളവർക്കും സുവിശേഷ ലഘുലേഖകൾ നൽകി നടന്നു കൊണ്ടേയിരുന്നു. ആ ദിവസം ഞാൻ 12 കിലോമീറ്ററിലധികം ദൂരം നടന്നു. വിശപ്പും ദാഹവും കൊണ്ടു ഞാൻ വലഞ്ഞതുകൂടാതെ എന്റെ ചെരുപ്പിന്റെ വള്ളിയും പൊട്ടിപ്പോയി. ഒരു ചെറുപ്പക്കാരൻ കുറെ പുസ്തകവുമായി കഠിനമായ വെയിലത്ത് പൊട്ടിയ ചെരുപ്പും കയ്യിൽ പിടിച്ച് നടന്നുപോകുന്നതുകണ്ട് വഴിയാത്രക്കാർക്ക് സഹതാപമായിരുന്നു. വേളാച്ചേരി എന്ന സ്ഥലത്ത് എത്തിയപ്പോൾ കൈയ്യിലുണ്ടായിരുന്ന എല്ലാ സുവിശേഷ ലഘുലേഖകളും തീർന്നിരുന്നു. ആ സമയത്ത് വഴിയാത്രക്കാരുടെ എണ്ണവും കുറഞ്ഞുവന്നു.

എന്റെ ഈ വിഷമകരമായ സാഹചര്യത്തെ സ്വർഗ്ഗത്തിൽനിന്നും രണ്ടു കണ്ണുകളും മറ്റനവധി കണ്ണുകളും വീക്ഷിച്ചുകൊണ്ടിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. ഞാൻ ശാരീരികമായി ക്ഷീണിതനായിരുന്നെങ്കിലും ആത്മീകമായി ശക്തിയുള്ളവനായിരുന്നു. ചെന്നൈയിലെ ചെപ്പോക്ക് എന്ന എന്റെ സ്ഥലത്ത് രാത്രി വൈകി ഞാൻ എത്തിച്ചേർന്നു.

ദിവസങ്ങളും വർഷങ്ങളും കടന്നുപോയി. അന്നു ഞാൻ നടന്നു പോയ സ്ഥലങ്ങളിൽനിന്നും അനേകം പേരെ കർത്താവ് എനിക്കു തന്നു. ബ്ര. ദുരൈയും അദ്ദേഹത്തിന്റെ ഭാര്യ സിസ്റ്റർ ഫെന്നലയും അവരുടെ കുടുംബവുമായും ആ വഴിയിലുള്ള അഡ്വെന്റ് മിഷൻ സഭയിലെ എല്ലാ പാസ്റ്റർമാരുമായും നല്ല ബന്ധം സ്ഥാപിക്കുവാൻ ദൈവം എന്നെ സഹായിച്ചു. ഞാൻ അന്ന് നടന്നുപോയ വഴിയിൽ സന്തോഷപുരം എന്ന സ്ഥലത്ത് 1997 ൽ ഒരു സഭയും കൂടാതെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും (**സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ**) തുടങ്ങുവാൻ ദൈവം കൃപ ചെയ്തു. അന്നത്തെ നടപ്പ് അവസാനിച്ച വേളാച്ചേരിയിൽ ഒരു പള്ളി പണിയുവാനും ഞങ്ങളുടെ മുഴുസമയ ഹിന്ദി **നെഹെമ്യ ബൈബിൾ കോളേജ്** ആരംഭിക്കുവാനും കർത്താവ് എന്നെ പ്രാപ്തനാക്കി. ദൈവപുരുഷനായ ബ്ര. എഡ്വിൻ എന്ന വ്യക്തിയോട് ദൈവം ആവശ്യപ്പെട്ടപ്രകാരം തന്റെ ഭൂമി എനിക്കു ദാനമായി നൽകി. അവിടെ ഒരു പള്ളിയും നെഹെമ്യ ബൈബിൾ കോളേജും സ്ഥാപിക്കുവാൻ സാധിച്ചു.

ഈ രണ്ടു ശുശ്രൂഷകളും **വിളിയുടെ പ്രതിധ്വനി**യുടെ രണ്ടു കണ്ണുകളായി പ്രവർത്തിച്ചുവരുന്നു.

പരിശുദ്ധാത്മാവിന്റെ പ്രചോദനം അനുസരിക്കാൻ കർത്താവ് എന്നെ നയിച്ചതിനാൽ ഈ കഷ്ടതകളെയൊക്കെ തരണം ചെയ്യുവാൻ എനിക്കു സഹായമായി. പാത ദുർഘടമായിരുന്നെങ്കിലും അതിന്റെ അവസാനം വലിയ വിജയമായിരുന്നു.

പ്രീയ സഹോദരീ സഹോദരന്മാരേ, ദൈവം നിങ്ങളോട് ഇങ്ങനെ സംസാരിക്കുന്നത് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും ഉടനടി അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടോ? അതോ, ദൈവം നിങ്ങൾക്കു നൽകിയ ശുശ്രൂഷ ചെയ്യുന്നതിനു പകരം, നിങ്ങൾക്കു സന്തോഷവും സംതൃപ്തിയും തരുന്ന മറ്റേതെങ്കിലും ശുശ്രൂഷ ചെയ്യുന്ന യോനയെപ്പോലെയാണോ നിങ്ങൾ? നിങ്ങളുടെ സൗകര്യത്തിനും ഇഷ്ടത്തിനുമനുസരിച്ച് ശുശ്രൂഷ ചെ

യ്തിട്ട് അത് ദൈവഹിതമെന്നു കരുതുന്ന അനേകം പേരെ പോലെ പ്രവർത്തിക്കുകയാണോ നിങ്ങൾ?

നീ കാൽ വച്ച ദേശം നിനക്കും നിന്റെ മക്കൾക്കും എന്നേക്കും അവകാശമായിരിക്കും എന്ന് യോശുവയോടു വാഗ്ദത്തം ചെയ്ത ദൈവം അതു നിറവേറ്റി (യോശുവ 14:9). അവൻ നിങ്ങളോടും അതു തന്നെ ചെയ്യും. നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാണ്.

അവനെ അനുസരിച്ച് അവന്റെ ഇഷ്ടം നിറവേറ്റുക. ഈ ജീവിക്കുന്ന ദൈവത്തെ ലോകത്തിനു കാണിച്ചുകൊടുക്കുവാൻ മുന്നോട്ടു വരുവിൻ. നിശ്ചയമായും വിജയമുണ്ട്.

*... 6-ാം പേജിന്റെ തുടർച്ച*

**ലിലെ ശേഷം വിദ്വാന്മാരോടുകൂടെ നശിച്ചുപോകാതിരിക്കേണ്ടതിന്നു ഈ രഹസ്യത്തെക്കുറിച്ചു സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ കരുണ അപേക്ഷിപ്പാൻ തക്കവണ്ണം കൂട്ടുകാരനായ ഹനന്യാവോടും മീശായേലിനോടും അസർയ്യാവോടും കാര്യം അറിയിച്ചു** (17,18). അവർ പ്രാർത്ഥിച്ചപ്പോൾ എന്തൊക്കെ സംഭവിച്ചു എന്നു നമുക്കറിയാം. ദൈവം തന്റെ ഭാവി പരിപാടികൾ അവർക്കു വെളിപ്പെടുത്തി.

നമ്മുടെ ദൈവം വലിയവനാണ്. അതിനാൽ ദൈവഭക്തരാവർ നമ്മുടെ ചുറ്റും ഉണ്ടായിരിക്കട്ടെ.

### 3. മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിയുവിൻ!!

**സങ്കീർത്തനങ്ങൾ 46:10**

അനശ്ചിതത്വം നിങ്ങളുടെ മസ്തിഷ്കത്തിന്റെ മുൻവശത്തുള്ള തൊലി അടയ്ക്കുന്നതിന് ഇടയാകും. ഇത് യുക്തിരഹിതമായ പെരുമാറ്റത്തിൽ ഏർപ്പെടാനുള്ള നിങ്ങളുടെ സാദ്ധ്യത വർദ്ധിപ്പിക്കുകയും ഉത്കണ്ഠ, വിഷാദം, സമ്മർദ്ദം എന്നിവയ്ക്കു നിങ്ങളെ കൂടുതൽ സാദ്ധ്യതയുള്ളവരാക്കി തീർക്കുകയും ചെയ്യും.

അതുകൊണ്ടാണ് ദൈവത്തിന്റെ സത്യങ്ങളിൽ നിങ്ങളുടെ ഹൃദയം കേന്ദ്രീകരിച്ചുകൊണ്ട് ജീവിക്കേണ്ടത് ആവശ്യമാണ്.

നിശ്ചലമായിരിക്കുവാൻ, തുടർച്ചയായ, ബോധപൂർവ്വമായ പരിശീലനം ആവശ്യമാണ്.

നിശ്ചലതയുടെ പ്രവർത്തനങ്ങൾ നമ്മുടെ ഇന്ദ്രിയങ്ങളുടെ മൂർച്ച കൂട്ടുകയും നമ്മുടെ നിലവിലെ അജ്ഞാത സാഹചര്യങ്ങളിൽ ദൈവീക സാന്നിദ്ധ്യത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

നാം ആശയക്കുഴപ്പത്തിലാകുമ്പോഴെല്ലാം, ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവായ, നമുക്ക് സഹായം വരുന്ന പർവ്വതങ്ങളിലേക്കു നോക്കണം. ഭൂമിയെയും സമുദ്രങ്ങളെയും ചലിപ്പിക്കുകയും വിറപ്പിക്കുകയും, അനുഗ്രഹത്തിന്റെ വാതിലുകൾ അടക്കുകയും തുറക്കുകയും ചെയ്യുന്നവങ്കലേക്കു നാം അടുത്തു ചെല്ലണം.

കർത്താവിന്റെ സന്നിധിയിൽ ഏകാഗ്രതയോടെ നിശ്ചലമായിരിക്കുവിൻ. കർത്താവിന്റെ സന്നിധിയിൽ പോയി ഇരിക്കുവിൻ. ഒന്നും സംസാരിക്കരുത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ പിതാവിൽനിന്നും കേൾക്കുന്നതുവരെ കാത്തിരിക്കുവിൻ. ദൈവം നയിക്കേണ്ട യുദ്ധം നാം ഏറ്റെടുക്കുവാൻ ശ്രമിക്കരുത്.

നിങ്ങൾ ദൈവത്തിന്റെ സന്നിധിയിലേക്ക് പോകുമ്പോൾ:

1. നിങ്ങളുടെ പരിമിതികൾ അംഗീകരിക്കുക, നിങ്ങളുടെ വികാരങ്ങൾക്കു പേരു നൽകുക.
2. നിങ്ങളുടെ പക്കലുള്ളത് ദൈവത്തിന്നു നൽകുക: വടിയാണെങ്കിൽ അതു ദൈവത്തിന്റേതായി മാറട്ടെ/അതു ദൈവത്തിനു പരിഹരിക്കാനുള്ള പ്രശ്നമായി മാറട്ടെ.
3. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഏറ്റുപറയുവാൻ തുടങ്ങുവിൻ - അത് ഏറ്റുപറയണമെങ്കിൽ വാഗ്ദത്തങ്ങൾ മനഃപാഠമാക്കണം.
4. **യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ** (പുറപ്പാട് 14:14).

പ്രീയ സ്നേഹിതരേ,

നിങ്ങളോടൊപ്പം നടക്കുവാൻ കഴിയുന്ന വിശ്വസ്തരായ ജനങ്ങളെ കാണിച്ചുതരുവാൻ ദൈവത്തോടു യാചിപ്പിൻ. യെശയ്യാവ് 30:15 ൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിശ്ചലമായിരിക്കുവാനായും നിശബ്ദതയിൽ നിന്നും പഠിക്കുവാനും അവനോടു ചോദിക്കുവിൻ. **മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും; വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം.** ഓർക്കുക, എന്തു സംഭവിച്ചാലും, നിങ്ങളുടെ സാഹചര്യം എത്ര മങ്ങിയതാണെങ്കിലും സർവ്വശക്തനിൽ വിശ്വസിക്കുവിൻ. അവൻ എല്ലാ വളഞ്ഞ പാതകളും നേരെയാക്കും. കാരണം, *അവൻ അത്ഭുതങ്ങളുടെ ദൈവമാണ്* (സങ്കീർത്തനങ്ങൾ 77:14).


## URGENT

We require approximately 1000 Hindi Christian books for **our Nehemiah Bible Colleges**. Kindly inform us about the possibility of obtaining theological Hindi books.

**Please stop sending books in English and Tamil languages.** Thank you.

- Pr. S. Sam Selva Raj, Editor
+91-98412 71858

## URGENT NEED

**VICE PRINCIPAL & Teachers for**

**ST. PAUL'S MATRICULATION SCHOOL,**
**An *Echo of His Call* Institution**
**Vijayanagaram, Medavakkam, Chennai - 100.**

We need well qualified, experienced, dedicated, hard working and mission oriented Christians.

Apply with Bio-data to
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

## WANTED for

**NEHEMIAH BIBLE COLLEGE**
**of ECHO OF HIS CALL, Chennai**
(ATA - Registered Candidate for Membership)

**DEAN (Residential):**
Hindi Theologian with M.Div. / M.Th. Degree & experience. Boarding, Lodging and Salary will be paid.
Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ

- എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |
| SWIFT CODE | : | SBI NIN BB 455 |

### *2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/– രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th MARCH, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by S. Sam Selva Raj from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by S. Sam Selva Raj at Echo of His Call Printers, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: S. Sam Selva Raj.